File No.REV-DRF-A1/200/2020-REV

10913
8/11/20

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ക്യാഷ് ചെസ്റ്റ് പുനഃക്രമീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു.

---

റവന്യൂ ( ഡി.ആർ.എഫ്- എ) വകുപ്പ്

G.O.(Rt) No.3168/2020/RD തീയതി, തിരുവനന്തപുരം, 16/10/2020

---

പരാമർശം:- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01.06.2020 തീയതിയിലെ എ16 - ഇ-229111/19 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ കരവാരം വില്ലേജിൽ തോട്ടയ്ക്കാട് ദേശത്ത് കുന്നത്ത്കോണം കാട്ടുവിള വീട്ടിൽ ശ്രീനാരായണന്റെ ഭാര്യ ഓമന 15.07.2012 ൽ വെള്ളത്തിൽ വീണ് മരണപ്പെട്ടതിനെ തുടർന്ന് മരണമടഞ്ഞ ഓമനയുടെ കുടുംബത്തിന് ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം തഹസിൽദാരുടെ ക്യാഷ് ചെസ്റ്റ് - ൽ നിന്നും 10,000/- രൂപ അടിയന്തിര ധനസഹായമായി നൽകിയിരുന്നു. അപ്രകാരം തുക ചെലവഴിച്ച നടപടി സാധൂകരിച്ചും ടി 10,000/- രൂപ നൽകിയും ഉത്തരവാകണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം പ്രകാരം അപേക്ഷിച്ചു.

2. മേൽ വിഷയം സർക്കാർ പരിശോധിച്ചു. അടിയന്തിര ധനസഹായം നൽകിയ മേൽ നടപടി സാധൂകരിച്ചും , 10,000/- രൂപ (പതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചും ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായ 10,000/- രൂപ (പതിനായിരം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R SHEELA RANI
SPECIAL SECRETARY

ജില്ലാ കളക്ടർ , തിരുവനന്തപുരം.
തഹസിൽദാർ , തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ